# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/38/2018 2018 ഫെബ്രുവരി 21

## പത്രക്കുറിപ്പ്

### ഡോ. സാബു തോമസിന് എം.ജി. വി.സി.യുടെ ചുമതല

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മുതിർന്ന പ്രൊഫസറായ ഡോ. സാബു തോമസിന് എം.ജി. സർവ്വകലാശാലാ വൈസ് ചാൻസലറുടെ അധികാരങ്ങളും ചുമതലകളും കൈമാറിക്കൊണ്ട് ചാൻസലർ ഉത്തരവാകുകയും ഫെബ്രുവരി 21 മുതൽ ഡോ. സാബു തോമസ് വൈസ് ചാൻസലറുടെ ചുമതല ഏൽക്കുകയും ചെയ്തു.

### വൈവാവോസി
**(ദയവായി എല്ലാ എഡിഷനുകളിലും)**

2017 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 26 മുതൽ 28 വരെ ആലുവ യു.സി. കോളേജിലും മാർച്ച് 2ന് സർവ്വകലാശാലാ കാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ കേന്ദ്രത്തിലും നടത്തും. മാല്യങ്കര എസ്.എൻ.എം., കാലടി ശ്രീശങ്കര, ആലുവ യു.സി., മൂവാറ്റുപുഴ നിർമ്മല, എറണാകുളം മഹാരാജാസ്, എറണാകുളം സെന്റ് തെരേസാസ്, കളമശ്ശേരി സെന്റ് പോൾസ് എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളവർ ആലുവ യു.സി. കോളേജിലും ചങ്ങനാശ്ശേരി എൻ.എസ്.എസ്., കോഴഞ്ചേരി സെന്റ് തോമസ്, പാലാ സെന്റ് തോമസ്, കാഞ്ഞിരപ്പള്ളി എസ്.ഡി. എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ളവർ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ സെന്ററിലും വൈവാവോസിക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ – റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 26, 27 തീയതികളിൽ ആലുവ യു.സി. കോളേജിലും മാർച്ച് 3ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലും നടക്കും. മൂവാറ്റുപുഴ നിർമ്മല കോളേജ്, ആലുവ യു.സി. കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തലയോലപ്പറമ്പ് ഡി.ബി. കോളേജ് എന്നീ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ ആലുവ യു.സി. കോളേജിലും പത്തനംതിട്ട കാതോലിക്കേറ്റ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, പാലാ സെന്റ് തോമസ്, കുറവിലങ്ങാട് ദേവമാതാ, കട്ടപ്പന ഗവ. കോളേജ് എന്നീ കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലും വൈവാവോസിക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി.എച്ച്.ഡി. നൽകി

അനില തോമസ്, ദിവ്യ എസ്. കേശവൻ എന്നിവർക്ക് മലയാളത്തിലും രാജേഷ് കുനിയിലിന് പൊളിറ്റിക്സ് ആന്റ് ഇൻർനാഷണൽ റിലേഷൻസിലും സാൽവി തോമസിന് ബോട്ടണിയിലും പി.എ. അനുവിന് ബയോസയൻസസിലും സിമി എം. വർക്കിക്ക് റീഹാബിലിറ്റേഷൻ നഴ്സിംഗിലും ഒ.എം. അനുരൂഫയ്ക്ക് എജ്യൂക്കേഷനിലും പി.എച്ച്.ഡി. നൽകാൻ മഹാത്മാഗാന്ധി സർവ്വകലാശാല തീരുമാനിച്ചു.

### പരീക്ഷാഫലം

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്. – മോഡൽ ഒന്ന്, രണ്ട്, മൂന്ന് – 2015 അഡ്മിഷൻ റഗുലർ, 2013 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി)

പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 7 വരെ അപേക്ഷിക്കാം.

2017 ഓഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.സി.ജെ. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 6 വരെ അപേക്ഷിക്കാം.

**'ധർമ്മ' ലോ ഫെസ്റ്റ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'ധർമ്മ' ലോ ഫെസ്റ്റ് ഫെബ്രുവരി 23, 24 തീയതികളിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് കാമ്പസിൽ വച്ച് നടത്തും. ഡിബേറ്റ്, ക്വിസ്, ജഡ്ജ്മെന്റ് റൈറ്റിംഗ്, തുടങ്ങിയ ഇനങ്ങളിൽ വിവിധ കലാലയങ്ങളിലേയും സർവ്വകലാശാലയിലേയും വിദ്യാർത്ഥികൾ മത്സരിക്കും. ഒരു ലക്ഷം രൂപ സമ്മാനത്തുകയായി വിജയികൾക്ക് വിതരണം ചെയ്യും. വിശദവിവരങ്ങൾക്ക് ഫോൺ: 9497321997, 9020283143.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**